# ലജ്ജാശീലത്തിന്റെ നാലു മാനങ്ങൾ

﴿ الحيـــاء ﴾

[Malayalam –മലയാളം –مليالم ]


മുഹമ്മദ് കബീർ സലഫി

محمد كبير السلفي

പരിശോധന: സുഫ്‌യാൻ അബ്ദുസ്സലാം

مراجعة:سفيان عبد السلام



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة

بمدينة الرياض-المملكة العربية السعودية

islamhouse.com

1431 – 2010

بسم الله الرحمن الرحيم

മാനുഷികഗുണങ്ങളെ മുഴുവൻ ഉദ്ധീപിപ്പിച്ച് സജീവമാക്കി നിർത്തുന്നത് മനസ്സിൽ രൂഢമൂലമായ ഈമാനാണ്. വിശ്വാസിയുടെ കർമ്മങ്ങൾ കണ്ടാലറിയാം അവന്റെ സ്വഭാവങ്ങളുടെ ഏകദേശ ചിത്രം. 'ഒരുവന്റെ സ്വഭാവങ്ങളെക്കുറിച്ച് ചികഞ്ഞറിയേണ്ട ആവശ്യമില്ല, അവന്റെ മുഖത്തു തന്നെയുണ്ടാകും നന്മയുടെ ലക്ഷണങ്ങൾ' എന്ന് ചിലർ പറഞ്ഞു വെച്ചത് അത് കൊണ്ടാണ്.

അഭിമാനം, ലജ്ജാശീലം, ഔദാര്യമനസ്കത തുടങ്ങിയവയൊക്കെ മനുഷ്യനിലെ സൽഗുണങ്ങളാണെങ്കിൽ, അവിവേകം, മര്യാദയില്ലായ്മ, അധമമനസ്ഥിതി തുടങ്ങിയവ അവനിലെ ദുർഗുണങ്ങളാണ്. ഒിശ്വാസിയുടെ ജീവിതത്തിൽ നിറഞ്ഞു നിൽക്കേണ്ട സൽസ്വഭാവങ്ങളിൽ മികച്ചത് ലജ്ജാശീലമാണ്. സകലമാന നന്മകളിലേക്കും വഴികാണിക്കാൻ ലജ്ജാശീലത്തിന് സാധിക്കുമെന്ന് പ്രമാണങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. മനുഷ്യപ്രകൃതിയുടെ തേട്ടമാണ് ലജ്ജാശീലം. വിശ്വാസിയിൽ അതിന്റെ സാന്നിധ്യം അനിവാര്യമായിരിക്കും. തനിക്കിണങ്ങാത്ത ഏതൊരു കാര്യവുമായി ബന്ധപ്പെടേണ്ടി വരുമ്പോഴും മനസ്സിൽ വേദനിപ്പിക്കുന്ന സങ്കോചമുണ്ടാക്കുന്നുവെങ്കിൽ നന്മയുടെ, ലജ്ജയുടെ വികാരം തന്നിൽ സജീവമായി നിൽക്കുന്നു എന്നാണർഥം.

'ഒരുവൻ ലജ്ജാവസ്ത്രമണിഞ്ഞാൽ അവന്റെ ന്യൂനതകളെ കാണാൻ അന്യജനങ്ങൾക്കാകില്ല' എന്നൊരു ആപ്തവാക്യമുണ്ട്. മുഅ്മിനുകളുടെ കാര്യത്തിൽ പ്രത്യേകം ശരിയാണത്. സംസാരത്തിലും പ്രവർത്തനത്തിലും സൂക്ഷ്മതയുണ്ടാക്കുന്നതിലും, തിന്മകളിൽനിന്ന് മാറി നിൽക്കാൻ പ്രേരണ നൽകുന്നതിലും ലജ്ജാശീലത്തിനുള്ള പങ്ക് വളരെ വലുതാണ്. പരിസരം പരിഗണിക്കാതെ സ്വന്തം വ്യക്തിത്വത്തെ സാരമായി ബാധിക്കുംവിധം ചീത്തവൃത്തികളിലേർപ്പെടുന്ന മനുഷ്യരെ കണ്ടിട്ടില്ലേ? അത്തരക്കാരെ ഉദ്ദേശിച്ചാണ് പ്രവാചക തിരുമേനി (ﷺ) ഒരിക്കലിങ്ങനെ പറഞ്ഞത്: 'നിനക്ക് നാണമില്ലെങ്കിൽ തോന്നിയത് പ്രവർത്തിച്ചോളൂ.' (ബുഖാരി)

'നാണമുള്ളവന്റെ മാനം സുരക്ഷിതമാകും, അവന്റെ അപാകതകൾ ആളുകളിൽ നിന്ന് മറച്ചു വെക്കപ്പെടും, അവനിലെ നന്മകൾ ജനങ്ങൾക്കിടയിൽ പ്രചരിക്കപ്പെടും'; അബൂഹാതിമിന്റെ വാക്കുകളാണ് ഇത്.

വിശ്വാസിയുടെ വ്യക്തിത്വത്തിന് മാറ്റുകൂട്ടുന്ന ലജ്ജയെന്ന ഗുണം, ഇസ്‌ലാമിന്റെ അധ്യാപനങ്ങളിൽ സുപ്രധാനമായ ഒന്നാണ്. പ്രവാചകനരുളിയ ഒരു ഹദീസ് കാണുക:

''വിശ്വാസം എഴുപതിൽ ചില്വാനം വിഭാഗമാണ്. അതിൽ ഏറ്റവും ശ്രേഷ്ഠമായത് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന ആദർശവാക്യമാണ്. അതിലെ അവസാനത്തെ വിഭാഗം വഴിയിൽ നിന്ന് ഉപദ്രവം മാറ്റിയിട ലാണ്. ഈമാനിന്റെ വിഭാഗങ്ങളിൽ ഒന്നാണ് ലജ്ജ.'' (ബുഖാരി, മുസ്‌ലിം)

മറ്റൊരു ഹദീസ് വായിക്കുക: ''ലജ്ജയും ഈമാനും യോജിച്ചു നിൽക്കുന്നവയാണ്. അവയിൽ ഒന്ന് നഷ്ടപ്പെട്ടാൽ മറ്റേതും നഷ്ടപ്പെട്ടതു തന്നെ.'' (ഹാകിം)

ഈമാനിൽ നിന്ന് ഉദ്ഭൂതമാകുന്നതാണ് ലജ്ജാശീലം. വിശ്വാസിയിലെ നന്മകളെ പോഷിപ്പിക്കുന്ന കാര്യത്തിൽ അവ രണ്ടിനുമുള്ള പങ്ക് നിസ്തുലമാണ്. അല്ലാഹുവിനെ അനുസരിക്കാനും അവന്റെ കൽപന മാനിച്ചു കൊണ്ട് പ്രവർത്തിക്കാനും, രഹസ്യ ജീവിതത്തിലും പരസ്യ ജീവിതത്തിലും പടച്ചവന്റെ നിരീക്ഷണത്തെ ഭയക്കുവാനും മുഅ്മിനുകൾക്ക് മാനസിക ശേഷി നൽകുന്നതും ഇത് രണ്ടും തന്നെയാണ്.

എണ്ണിയാലൊടുങ്ങാത്ത തിന്മകളാണ് വിവിധ രൂപത്തിൽ നമ്മുടെ മുന്നിൽ പ്രലോഭനങ്ങളുമായി വന്നു നിൽക്കുന്നത്. ജാഗ്രതയില്ലാത്ത മനസ്സിന്റെ ഉടമകൾ ഏതു നിമിഷവും അവയുടെ കെണികളിൽ പെട്ടു പോകുമെന്ന കാര്യത്തിൽ ആർക്കും സന്ദേഹമുണ്ടാകാനിടയില്ല. ആ സന്ദർഭങ്ങളിൽ മനുഷ്യന് സഹായിയായി വർത്തിക്കുക അവനിലെ ലജ്ജാശീലമായിരിക്കും.

സ്വന്തം നിഴലു പോലെ, ശരീരത്തിലെ ചൂടുപോലെ മുഅ്മിനിനോടൊപ്പം ഒട്ടിനിൽക്കേണ്ട ലജ്ജ, ജീവിതത്തിൽ നന്മയല്ലാതെ നൽകില്ല എന്നതാണ് വാസ്തവം. പ്രവാചകൻ തന്നെ അത് പറഞ്ഞു തന്നിട്ടുണ്ട്. ബുഖാരിയും മുസ്‌ലിമും രേഖപ്പെടുത്തിയ പ്രസ്തുത ഹദീസ് ഇങ്ങനെ: ''ലജ്ജ നന്മയല്ലാതെ കൊണ്ടുനൽകില്ല.'' മുസ്‌ലിമിന്റെ ഹദീസിൽ, ''ലജ്ജ, അത് മുഴുവനും നന്മയാണ്'' എന്നാണുള്ളത്.

ഒരു യഥാർഥ വിശ്വാസിയിൽ ലജ്ജാശീലം പഠിപ്പിച്ചുണ്ടാക്കേണ്ട ആവശ്യമില്ല. തന്റെ ആദർശത്തിന്റെ ഭാഗമാണ് പ്രസ്തുത സ്വഭാവഗുണം. തന്റെയൊരു സഹോദരനെ ലജ്ജാശീലത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തി ഉപദേശിച്ചുകൊണ്ടിരിക്കുന്ന ഒരു സ്വഹാബിയെ കണ്ടപ്പോൾ നബി (ﷺ) ആ മനുഷ്യനോട് പറഞ്ഞു: ''അയാളെ വിട്ടേക്ക്, ലജ്ജ ഈമാനിൽ പ്പെട്ടതാണ്.'' (ബുഖാരി, മുസ്‌ലിം) വിശ്വാസത്തിന്റെ മധുരമറിഞ്ഞവൻ ലജ്ജയെന്ന ശ്രേഷ്ഠ ഗുണത്തിന്റെ മധുരവുമറിഞ്ഞവനാണ്. അത്തരമൊരാളെ രണ്ടുഗുണങ്ങളുടേയും വേറിട്ട മാധുര്യം പറഞ്ഞു പഠിപ്പിക്കേണ്ട ആവശ്യമില്ല.

വിശ്വാസത്തിന്റെ ഏറ്റക്കുറച്ചിൽ ലജ്ജാശീലത്തിലും പ്രതിഫലിക്കും എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. നല്ലവരും, നന്മകളുമായുള്ള നിരന്തര സമ്പർക്കത്തിലൂടെ, അല്ലാഹുവിന്റെ തൗഫീഖിനാൽ, ഈമാനിന്റെ സജീവത നിലനിർത്താനാകും. ലജ്ജയുടെ കാര്യത്തിലും ഇത് ബാധകമാണ്. അത് കൊണ്ടാണ്, ലജ്ജാശീലരുമായുള്ള സഹവാസ ത്തിലൂടെ ലജ്ജാബോധം സജീവമാക്കി നിർത്തുക എന്ന് കാര്യബോധമുള്ള പണ്ഡിതന്മാർ പറഞ്ഞുവെച്ചിട്ടുള്ളത്. പ്രവിശാലമായ അർഥതലങ്ങളുള്ള പ്രസ്താവനയാണിത്. ലജ്ജയുടെ മാറ്ററിയാത്ത കൂട്ടുകാരോ ടൊത്തുള്ള സഹവാസം നമ്മിൽ സാരമായ മാറ്റങ്ങളുണ്ടാക്കും. ഒറ്റയടിക്കുള്ള മാറ്റമായിരിക്കില്ല എന്നത് നേരാണ്. പക്ഷെ, നമ്മുടെ വാക്കിലും നോക്കിലും കർമ്മത്തിലുമെല്ലാം ലജ്ജയില്ലാത്ത പ്രവണതകൾ ക്രമേണ ക്രമേണ കടന്നു വരും എന്നതിൽ സംശയം വേണ്ട.

അടിസ്ഥാനപരമായി അല്ലാഹുവോട്, മലക്കുകളോട്, ജനങ്ങളോട്, സ്വന്തത്തോട് എന്നീ നാലു മേഖലകളിൽ വിശ്വാസിയിലെ ലജ്ജാശീലം ബന്ധപ്പെട്ട് കിടക്കുന്നു. പടച്ചതമ്പുരാന്റെ നിരീക്ഷണത്തെ മനസ്സിൽ സജീവമാക്കി നിർത്തലാണ് അല്ലാഹുവോടുള്ള ലജ്ജ. ''കണ്ണുകളുടെ കള്ള നോട്ടവും, ഹൃദയങ്ങൾ മറച്ച്വെക്കുന്നതും അവൻ (അല്ലാഹു) അറിയുന്നു'' (ഗാഫിർ: 19) എന്ന ബോധമാണത്. യഥാർഥ വിശ്വാസിയുടെ ജീവിതമാസകലം ഈ ബോധത്തിന്റെ ഗുണങ്ങൾ വ്യാപകമായിരിക്കും. നന്മകളുമായുള്ള നിരന്തര സമ്പർക്കത്തിനും തിന്മകളിൽ നിന്നുള്ള ബഹുദൂര അകൽച്ചക്കും വിശ്വാസിയെ പ്രാപ്തനാക്കുന്നു എന്നതാണ് പ്രസ്തുത ഗുണങ്ങളിലെ മുഖ്യം.

സഹാബീശ്രേഷ്ഠനായ അബ്ദുല്ലാഹി ബ്നു മസ്ഊദ്(ﷺ) ഇവ്വിഷയകമായി നിവേദനം ചെയ്ത നബി(ﷺ)യുടെ ഒരു ഹദീസ് ശ്രദ്ധിക്കുക:''നബി(ﷺ) അരുളി: നിങ്ങൾ അല്ലാഹുവിനോട് യഥാർഥ ലജ്ജാശീലം കാത്തുസൂക്ഷിക്കുക. അപ്പോൾ ഞങ്ങൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ ലജ്ജാശീലം കാത്തുസൂക്ഷിക്കുന്നവരാണ്, അൽഹംദുലില്ലാഹ്. അപ്പോൾ തിരുമേനി മൊഴിഞ്ഞു: കാര്യം അപ്രകാരമല്ല; ആരാണോ, അല്ലാഹുവിനോട് യഥാർഥ ലജ്ജാശീലം കാത്തുസൂക്ഷിക്കുന്നത്, അവൻ തന്റെ ശിരസ്സിനേയും അതിലുള്ള അവയവങ്ങളേയും സൂക്ഷിക്കട്ടെ, അവന്റ വയറിനേയും അതിലുള്ളതിനേയും സൂക്ഷിക്കട്ടെ, മരണത്തേയും ദുനിയാവിലെ നാശത്തേയും ഓർമ്മിക്കട്ടെ, പരലോകത്തെ ഉദ്ദേശിക്കുന്നവൻ ഐഹികാലങ്കാരങ്ങളെ ഒഴിവാക്കട്ടെ. ഇപ്രകാരം ആര് പ്രവർത്തിക്കുന്നുവോ അവനാണ് അല്ലാഹുവിനോട് യഥാർഥ ലജ്ജാശീലം കാത്തു സൂക്ഷിക്കുന്നവൻ.'' (അഹ്മദ്, തിർമിദി)

ലജ്ജയുള്ളവരാവുക എന്ന പ്രവാചകോപദേശത്തോട്, ഞങ്ങൾ ലജ്ജയുള്ളവരാണ് എന്ന് മറുപടി പറഞ്ഞ സ്വഹാബികളെ എത്ര ഭംഗിയായും ഗൗരവത്തോടെയുമാണ് നബി(ﷺ) യഥാർഥ ലജ്ജയെപ്പറ്റി പഠിപ്പിച്ചു കൊടുക്കുന്നത്! നന്മകളൊക്കെ ചെയ്യുകയും തിന്മകളൊക്കെ ഒഴിവാക്കുകയും ചെയ്യുന്നു എന്ന പൊതുകാഴ്ചപ്പാടിനപ്പുറം ലജ്ജയുടെ മാനം വിശാലമാണ് എന്ന പാഠമാണ് ഈ ഹദീസിൽ നിറഞ്ഞു നിൽക്കുന്നത്.

യഥാവിധി അല്ലാഹുവിനോട് ലജ്ജയുള്ളവരാവുക എന്ന നിർദ്ദേശം കഴിവിന്റെ പരമാവധി പാലിക്കാനേ മനുഷ്യർക്കാകൂ. ഏതു കാര്യത്തിലും അങ്ങിനെതന്നെ. ''നിങ്ങൾക്ക് സാധ്യമായ വിധം അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക'' എന്ന സൂറത്തു തഗാബുനിലെ ആയത്ത് മനസ്സിലാക്കിത്തിരുന്നതും അതാണ്. പക്ഷെ, 'സാധ്യമായ വിധം' എന്ന ശറഇന്റെ ഔദാര്യം ദുരുപയോഗം ചെയ്ത്, അലസരാവാതിരിക്കാൻ വിശ്വാസികൾ പ്രത്യേകം ശ്രദ്ധിക്കണം.

ശിരസ്സും അതിലെ കണ്ണും കാതും നാക്കുമൊക്കെ ലജ്ജയാൽ നിയന്ത്രിക്കപ്പെടണമെന്നത് മുകളിൽ പറയപ്പെട്ട ഹദീസിൽ നിന്നും നാം മനസ്സിലാക്കുന്നു. അല്ലാഹു കനിഞ്ഞു നൽകിയ പ്രസ്തുത അവയവങ്ങളൊക്കെ അവന്റെ പ്രീതിക്കുതകുന്ന വിധം ഉപയോഗിക്കുന്നതും, അവയെ അവന്റെ കോപത്തിന് വിധേയമാക്കുന്ന സർവതിൽ നിന്നും സംരംക്ഷിച്ചു നിർത്തുന്നതും വിശ്വാസിയുടെ പരലോകരക്ഷക്ക് ഉപക

രിക്കും. കണിശമായ വിചാരണാ നാളിൽ ഈ അവയവങ്ങളുടെയൊക്കെ ധർമ്മനിർവഹണത്തെപ്പറ്റി അല്ലാഹു ചോദ്യം ചെയ്യുന്നതാണ് എന്നറിയുമ്പോൾ ഈ പ്രസ്താവനയുടെ പൊരുൾ കൂടുതൽ വ്യക്തമാകും. അല്ലാഹു പറയുന്നു:

''നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്.'' (ഇസ്റാഅ്: 36)

അശ്ലീലങ്ങളിലേക്ക് കണ്ണയക്കാതിരിക്കാനും, അനാവശ്യങ്ങൾക്കു വേണ്ടി നാവെടുക്കാതിരിക്കാനും, ചീത്തസംസാരങ്ങൾക്ക് ചെവികൊടുക്കാതിരിക്കാനും അന്യദ്രോഹത്തിനു വേണ്ടി ചിന്തിക്കാതിരിക്കാനും നമുക്കാവുന്നത് വിശ്വാസ–ലജ്ജകൾ കൊണ്ടാണെന്ന കാര്യത്തിൽ സംശയമില്ല.

ജോലിയിലും സമ്പാദ്യത്തിലും, വിഭവങ്ങളുടെ ഉപയോഗത്തിലും ഹലാലും ഹറാമും നോക്കാത്ത ജനങ്ങൾ എപ്പോഴുമുണ്ട്, ഏത് വിഭാഗങ്ങളിലുമുണ്ട്. എന്നാൽ ഒരു യഥാർഥ വിശ്വാസി അങ്ങനെയല്ല. സ്വന്തം വയറി നുള്ളിലേക്ക് ഏതുതരം ഭക്ഷണമാണ് പോകുന്നത് എന്ന് ശ്രദ്ധിക്കാൻ അവൻ കൂടുതൽ താത്പര്യം കാണിക്കും. കൺമുന്നിൽ സമൃദ്ധമായി കിട്ടാനുണ്ട് എന്നത് കൊണ്ട് മാത്രം എന്തു ഏതും വാരി വലിച്ചനുഭവിക്കുന്ന സ്വഭാവക്കാരനാവുകയില്ല സത്യവിശ്വാസി. അനുവദനീയമായതാണോ, പരിശുദ്ധമായതാണോ എന്ന ആലോചനക്കു ശേഷമേ കയ്യിൽ കിട്ടുന്ന എന്തും അവൻ ഉപയോഗിക്കുകയുള്ളൂ. നല്ലതു തിന്നു വളരുന്ന അടിമയുടെ ഇബാദത്തുകളാണ് അല്ലാഹുവിന് ഇഷ്ടമുള്ളത്. അത്തരക്കാരിൽ നിന്നാണ് അല്ലാഹു പ്രാർഥനകൾ പോലും സ്വീകരിക്കുക. ഒരു ഹദീസ് കാണുക:

''ദീർഘയാത്ര കഴിഞ്ഞ്, തലമുടി പാറിപ്പറന്ന്, ദേഹം മുഴുവൻ പൊടി പുരണ്ടെത്തിയ ഒരു മനുഷ്യൻ, അയാൾ തന്റെ കൈകൾ ആകാശത്തേക്കുയർത്തി, എന്റെ റബ്ബേ... എന്റെ റബ്ബേ... എന്ന് വിളിച്ച് പ്രാർഥിക്കുകയാണ്. അവൻ തിന്നുന്ന ഭക്ഷണം ഹറാമായതാണ്, അവൻ കുടിക്കുന്ന പാനീയം ഹറാമായതാണ്, അവൻ ഉടുക്കുന്ന വസ്ത്രം ഹറാമായതാണ്, ഹറാമുകൊണ്ടാണ് അവൻ പുഷ്ടിപ്പെട്ടിരിക്കുന്നത്. അങ്ങിനെയിരിക്കെ, അവന്റെ പ്രാർഥനക്ക് (അല്ലാഹുവിൽ നിന്ന്) എങ്ങനെ ഉത്തരം ലഭിക്കാനാണ്?'' (മുസ്‌ലിം)

മരണം എല്ലാ മനുഷ്യനേയും പിടികൂടും. അക്കാര്യത്തിൽ ഒരാളും ഒഴിവല്ല. ഒരുനാൾ ഈ മഹപ്രപഞ്ചം തന്നെ നശിച്ചൊടുങ്ങുമെന്നിരിക്കെ നിസ്സാരനായ മനുഷ്യന്റെ കഥ പറയാനുണ്ടോ? കെട്ടിയുയർത്തിയ രമ്യഹർമ്മങ്ങളേയും, അധ്വാനിച്ചുണ്ടാക്കിയ സമ്പാദ്യങ്ങളേയും, കൂടെ വസിച്ചിരുന്ന ഭാര്യാസന്താനങ്ങളേയും ഉപേക്ഷിച്ചുകൊണ്ടുള്ള മടക്കമില്ലാത്ത ഒരു യാത്രക്ക് മനുഷ്യനെപ്പോഴും തയ്യാറായി നിൽക്കണം. മരണാനന്തര ജീവിതത്തെപ്പറ്റി കൃത്യമായി ധാരണയുള്ള വിശ്വാസികൾ മരണചിന്തയിൽ കൂടുതൽ മുഴുകണം. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: ''ഭൗതികാസ്വാദനങ്ങളെ തകർത്തുകളയുന്ന മരണത്തെപ്പറ്റിയുള്ള ചിന്ത നിങ്ങൾ അധികരി പ്പിക്കുക.'' (നസാഈ)

ലജ്ജയുടെ നാലാമത്തെ മാനമായി പ്രവാചകൻ പറഞ്ഞത്, പരലോകമുദ്ദേശിച്ചു കൊണ്ട് ഐഹികാഡംബരങ്ങളെ ഒഴിവാക്കുക എന്ന താണ്. ഭൂമിയിലെ സാധാരണ ജീവിതത്തിന് ആവശ്യമായവ പോലും ഉപേക്ഷിക്കുക എന്ന അർഥത്തിലല്ല പ്രവാചകന്റെ ഈ ഉപദേശം. പടച്ചതമ്പുരാൻ നമ്മുടെ നിത്യജീവിതത്തിന് അനുവദിച്ചു തന്ന എന്തും സ്വായത്തമാക്കുന്നതിനും, കരുതിയനുഭവിക്കുന്നതിനും യാതൊരു വില ക്കുമില്ല എന്നതാണ് ഖുർആനിന്റെ അധ്യാപനം തന്നെ.

''(നബിയേ,) പറയുക: അല്ലാഹു അവന്റെ ദാസൻമാർക്ക് വേണ്ടി ഉൽപാദിപ്പിച്ചിട്ടുള്ള അലങ്കാര വസ്തുക്കളും വിശിഷ്ടമായ ആഹാര പദാർത്ഥങ്ങളും നിഷിദ്ധമാക്കിയതാരാണ്? പറയുക: അവ ഐഹിക ജീവിതത്തിൽ സത്യവിശ്വാസികൾക്ക് അവകാശപ്പെട്ടതാണ്.'' (അഅ്റാഫ്: 32)എന്നാൽ, ദുനിയാവിൽ ഒരുക്കൂട്ടുന്നത് മുഴുവൻ ശാശ്വതമാണെന്ന ധാരണയിൽ അവക്കു പിന്നാലെ മാത്രം ഓടിക്കിതക്കുന്ന ചില മനുഷ്യ രുണ്ട്. എന്തും കൈവശപ്പെടുത്തണം, എന്തും ആസ്വദിച്ചു തീർക്കണം എന്ന ചിന്താഗതിക്കാർ. അവർക്ക് പരലോക ജീവിതവും അവിടുത്തെ സ്വർഗീയ ജീവിതവും ഓർമ്മയിലുണ്ടാകില്ല. എന്നാൽ സത്യവിശ്വാസികൾ അങ്ങനെയല്ല. ''സ്വത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽകർമ്മങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷ നൽ കുന്നതും'' (കഹ്ഫ്: 46) എന്ന ദൈവിക വചനത്തിന്റെ താത്പര്യം കൃത്യ മായി ഉൾക്കൊണ്ടവരായിരിക്കും അവർ.

ഐഹീകാഡംബരങ്ങോളോടുള്ള വിരക്തിയും പാരത്രികജീവതത്തി ലെ സ്വർഗജീവിതത്തോടുള്ള ആസക്തിയും വിശ്വാസികളുടെ അണ മുറിയാത്ത വികാരമായിരിക്കണം. അത് ജീവിതത്തിന് ക്രമവും സമാധാന വും നൽകും. മനഃസംഘർഷങ്ങളിൽ നിന്നും അഹങ്കാരാദി അധമ വികാര ങ്ങളിൽ നിന്നും മോചനം നൽകും. രാവും പകലും അല്ലാഹുവിനെ പരമാ വധി സൂക്ഷിച്ചു കൊണ്ടുള്ള ജീവിതത്തിന് അത് പ്രചോദനമേകും. പടച്ച വൻ പറഞ്ഞു: ''ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹി ക്കാത്തവർ ക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപെടുത്തി കൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും.'' (ഖസസ്: 83)

നബി(ﷺ) പഠിപ്പിച്ചു തന്ന ലജ്ജയുടെ നാലു മാനങ്ങളെ സംബന്ധി ച്ചാണ് ഇത്രയും വിശദീകരിച്ചത്. നാം ധരിച്ചു വെച്ച സാധാരണ ധാരണ കൾക്കുമപ്പുറം വിശാലമാണ് ലജ്ജയെന്ന സദ്ഗുണത്തിന്റെ പൊരുൾ എന്ന് പ്രസ്തുത ഹദീസ് മനസ്സിലാക്കിത്തരികയാണ്. പടച്ചവന്റെ നിരീക്ഷണത്തെ ഭയക്കുക, ഐഹിക ജീവിതത്തിൽ മിതത്വം പാലിക്കുക, മരണത്തെ സംബന്ധിച്ചുള്ള ഓർമ്മ കാത്തുസൂക്ഷിക്കുക, സ്വർഗത്തിനു വേണ്ടി അധ്വാനിക്കുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധകാണിക്കുന്ന ഒരു മുഅ്മിൻ ലജ്ജാശീലം കൊണ്ട് അനുഗൃഹീതനാണ് എന്ന വസ്തുതയാണ് ഈ ഹദീസ് നമുക്ക് ബോധ്യപ്പെടുത്തിത്തരുന്നത്.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين